മാനം ഉണ്ടാക്കാൻ ആവശ്യമായ നടപടികൾ പൂർത്തിയാകും എന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഈ വർഷം എന്നു പറയുന്നതിൽ ഒരു തെറ്റും ഇല്ലല്ലോ. അതുകൊണ്ട് ഇനി ഏറെ കാത്തിരിക്കേണ്ടി വരില്ല. ഇടുക്കി ജില്ലയിലേയും മറ്റ് 5 ജില്ലകളിലേയും, ഇതുപോലെ ദീർഘകാലമായി ഭൂമി കൈവശം വച്ചിട്ടുള്ള കർഷകരുടെ പ്രശ്നങ്ങൾക്ക് കഴിയുന്നതുംവേഗം പരിഹാരം ഉണ്ടാക്കുന്നതിനുള്ള എല്ലാ നടപടികളും ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. പരിഹാരം ഉണ്ടാക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. അതുകൊണ്ട് പ്രതീക്ഷയോടുകൂടി കാത്തിരിക്കാവുന്നതാണ്.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, ഗവൺമെന്റിന്റെ നടപടികളിൽ ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്. 57,000 ഹെക്ടർ ഭൂമിയാണ് പകരം വനവൽക്കരിക്കേണ്ടത്. അതിൽ 34,000 ഹെക്ടർ മാത്രമേ ഇപ്പോൾ വനവൽക്കരിക്കാൻ കഴിഞ്ഞിട്ടുള്ളൂ എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ബാക്കി 23,000 ഹെക്ടർ ഭൂമി സമയബന്ധിതമായി എത്ര സമയംകൊണ്ട് വനവൽക്കരിക്കാൻ കഴിയും എന്നു പറയാമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, വനവൽക്കരിക്കേണ്ട ഭൂമി ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. ഈ വർഷം 10 കോടി രൂപ അതിനുവേണ്ടിയാണ് ബഡ്ജറ്റിൽ മാറ്റി വച്ചിട്ടുള്ളത്. ഘട്ടംഘട്ടമായാണ് ആ ജോലി പൂർത്തിയാക്കാൻ ശ്രമിക്കുന്നത്. 10 കൊല്ലത്തിനുള്ളിൽ പണി പൂർത്തിയാക്കിയേ മതിയാകൂ. അതിനുമുമ്പ് തന്നെ ഇത് പൂർത്തിയാക്കാൻ കഴിയും എന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. അതിനൊന്നും യാതൊരു വീഴ്ചയും വരാൻ സാധ്യതയില്ല. വരികയുമില്ല.

## (2) ഗ്രാമീണ കാർഷികമേഖലയ്ക്ക് ഋണാശ്വാസ നടപടികൾ

ശ്രീ. കെ.എ. ചന്ദ്രൻ : സർ, കേരളത്തിലെ ലക്ഷോപലക്ഷം കർഷകരായ ഗ്രാമീണ ജനങ്ങൾ ഇന്ന് ഋണബാധ്യതയിൽ കിടന്നുഴലുകയാണ്. ഇവർ അകപ്പെട്ടുപോയ കടക്കെണിയിൽനിന്നും ഇവരെ രക്ഷിക്കണം. അവർ മോചനത്തിനുവേണ്ടി കേഴുന്നു. ഈ ആവശ്യം നേടിയെടുക്കുന്നതിനുവേണ്ടിയാണ് ഞാൻ ഇവിടെ ഈ ശ്രദ്ധക്ഷണിക്കുന്നത്. ആശ്വാസവും സഹായവും നൽകിയെങ്കിൽ മാത്രമേ ഇവരെ രക്ഷിക്കാൻ കഴിയൂ. ഈ വിഷയം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി മാത്രം വിചാരിച്ചാൽ പോരാ. മന്ത്രിസഭ ഒന്നടങ്കം ഈ കാര്യത്തിൽ പ്രത്യേക ശ്രദ്ധയും താൽപര്യവും എടുത്താൽ മാത്രമേ ഇതിന് ആശ്വാസവും സഹായവും നൽകാൻ കഴിയൂ. മന്ത്രിസഭയുടെ പൂർണ്ണമായ ശ്രദ്ധയും താൽപ്പര്യവും ഈ കാര്യത്തിൽ ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇന്ന് കേരളത്തിലെ ഗ്രാമീണ കർഷക ജനത സാമ്പത്തിക അധഃപതനത്തിന്റെ പടുകുഴിയിലാണ്. ഇതിന് അടിയന്തിര ആശ്വാസ നടപടികളും ഇതിന്റെ നിജസ്ഥിതിയും എന്താണെന്നതിനെക്കുറിച്ച് അടിയന്തിരമായി പഠിച്ച് പരിഹാരം നിർദ്ദേശിക്കാൻ ഈ സഭയുടെ ഒരു ഉപസമിതിയെയോ ഏറ്റവും കുറഞ്ഞത് ഒരു കടാശ്വാസ കമ്മിഷനെയെങ്കിലുമോ നിശ്ചയിക്കണം. എങ്കിലേ ഇതിന്റെ ബുദ്ധിമുട്ടിന്റെ ആഴം യഥാർത്ഥത്തിൽ മനസ്സിലാകൂ. ഇന്ന് എല്ലാ എം.എൽ.എ.മാർക്കും അറിയാവുന്ന കാര്യമാണ്. എം.എൽ.എ.മാരെ ഏറ്റവും കൂടുതൽ ആളുകൾ കാണാൻ വരുന്നത് ആറിന്റെ സ്റ്റേയ്ക്കും ഇൻസ്റ്റാൾമെന്റിനുമാണ്. അതിന്റെ എണ്ണം നാൾക്കുനാൾ കൂടുകയാണ്. അതുകൊണ്ട് കാർഷിക ഗ്രാമീണർ ഇന്നലെയുടെ നാളുകളിൽ വാങ്ങിയ കടത്തിന് ഇന്ന്

LIBRARY ARCHIVES Kerala Legislative Assembly

നടത്തിക്കൊണ്ടിരുന്ന റവന്യൂ റിക്കവറി അടിയന്തിരമായി നിർത്തിവയ്ക്കണം. ഈ എടുത്ത കടങ്ങൾ റീ ഷെഡ്യൂൾ ചെയ്യാനുള്ള നടപടി അടിയന്തിരമായി വേണം. കൂടാതെ ഗ്രാമീണ കാർഷിക കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിച്ചേ മതിയാകൂ. ഇതൊരു ആശ്വാസം മാത്രമേയുള്ളൂ. ഇനി സഹായത്തിനായി കാർഷിക ഗ്രാമീണർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് വളരെ നാളുകളായി ഉൽപ്പന്നവുമായി ബന്ധപ്പെട്ട വിപണനമോ വിലയോ ലഭിക്കുന്നില്ല. അത് ഉറപ്പ് വരുത്തിയെങ്കിൽ മാത്രമേ, സാധിച്ചെടുത്തെങ്കിൽ മാത്രമേ ഒരു സഹായമാകൂ. അതിന് ഇന്നുള്ള നടപടികൾ അപര്യാപ്തമാണ്. അതിനു വേണ്ടി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്. ഗ്രാമീണ കടങ്ങൾക്ക് പലിശ കൊടുക്കാൻ കഴിയില്ല. അത് എഴുതിത്തള്ളിയേ മതിയാകൂ. പലിശ സബ്സിഡി മുൻകാലത്ത് ഉണ്ടായിരുന്നതാണ്. പല കാരണങ്ങൾ കൊണ്ടും അത് ഇന്ന് നൽകുന്നില്ല. ആ പലിശ സബ്സിഡി പുനഃസ്ഥാപിക്കാൻ ആവശ്യമായ അടിയന്തിരനടപടി സ്വീകരിക്കണം. ഇന്ന് ഒരു ആശ്വാസ നിയമം ഉണ്ട്. അത് എന്നോ, എന്തിനോ ഉണ്ടാക്കിയതാണ്. അതൊരു ആശ്വാസ നടപടിയേ അല്ല. അത് കാലാനുസൃതമായി മാറ്റി, അവർക്ക് രക്ഷ നൽകുന്ന ഒരു കടാശ്വാസ നിയമം ആക്കണം. ഇന്ന് നമ്മുടെ കേരളത്തിലെ ഗ്രാമീണ സമ്പദ്സ്ഥിതി എന്താണെന്നറിയാമോ? 31.3.1998-ൽ അവസാനിച്ച സാമ്പത്തികവർഷം നമ്മുടെ സഹകരണസ്ഥാപനങ്ങളിൽനിന്നും മാത്രമുള്ള നിൽപ് വായ്പ 7700 കോടി രൂപയാണ്. ഇത് ഏറിയകൂറും ഗ്രാമീണർ എടുത്ത വായ്പയാണ്. നമ്മുടെ സംസ്ഥാനത്തെ നാഷണലൈസ്ഡ് ബാങ്കുകളും ഷെഡ്യൂൾഡ് ബാങ്കുകളും മുഖേനെ മുൻഗണനാ വിഭാഗങ്ങൾക്ക് നൽകിയ നിൽപ് വായ്പ 12,364 കോടി രൂപയാണ്. ഇതു രണ്ടും അംഗീകൃത സ്ഥാപനങ്ങൾ വഴി കൊടുത്ത വായ്പയാണ്. ഇതു രണ്ടും അംഗീകൃത വായ്പയായി എടുത്തത് 20,064 കോടി രൂപ. മറ്റ് മാർഗ്ഗങ്ങളിൽ വാങ്ങിയത് ഇതിൽ വരില്ല. നമ്മുടെ സംസ്ഥാനത്ത് 1452 വില്ലേജുകളാണുള്ളത് എന്നാണ് എന്റെ അറിവ്. ഈ 1452 വില്ലേജുകളിൽ അംഗീകൃതവായ്പയായി 20,064 കോടി രൂപ നിൽക്കുന്നുവെങ്കിൽ ഇതിന്റെ അർത്ഥം, ഇതിൽ പട്ടണങ്ങളെ ഒഴിവാക്കിയാൽ പോലും ഗ്രാമ പ്രദേശങ്ങളിലെ വായ്പ ഓരോ വില്ലേജ് അതിർത്തിയിലും 10 കോടിയിൽ അധികം ആയിട്ടുണ്ട്. ഇതിന്റെ അർത്ഥം എന്താണ്? ഇത് കർഷകരും, ഗ്രാമീണരും എടുത്ത അംഗീകൃത വായ്പ. ഈ കടത്തിനുവേണ്ടി മാത്രം കർഷകരും ഗ്രാമീണരും പലിശയിനത്തിൽ 2 കോടി രൂപയിലേറെ അധികവരുമാനമുണ്ടാക്കണം. ഇപ്പോഴത്തെ സ്ഥിതിയിൽ ഇത് സാധിക്കുമോ? ഇല്ല. വരവ് കുറവ് ചെലവ് എല്ലാ നിലയിലും കൂടുതൽ. ഈ അവസ്ഥയിൽ കടം തിരിച്ചുകൊടുക്കാൻ കഴിയുകയില്ല. ഈ ദുരവസ്ഥയിൽ അഭിമാനികളായ കുടുംബം ഒന്നടങ്കം ആത്മഹത്യ ചെയ്യുന്ന കാഴ്ച നിത്യേന നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. ഇത് നാൾക്കുനാൾ കൂടിവരുന്നു. നമുക്ക് ഇത് കണ്ടു സഹിക്കുക സാധ്യമല്ല. പലരും മാനസികരോഗികളായി മാറി. ഗ്രാമീണ സാമ്പത്തിക പ്രശ്നം സാമ്പത്തിക അധഃപതനത്തിൽ എത്തി ഒരു സാമൂഹ്യപ്രശ്നമായി മാറിക്കഴിഞ്ഞിരിക്കുകയാണ്. ഇതിന് പരിഹാരം കാണണം. നമ്മുടെ കേരളീയരുടെ ജീവിതനിലവാരം മെച്ചമായ നിലയിലേയ്ക്ക് ഉയർന്നിട്ടുണ്ട്. ഇതിന് വരുമാനത്തെക്കാളേറെ പലരും ആശ്രയിച്ചത് കടത്തേയാണ്. കടക്കെണിക്ക് ഇതും ഒരു കാരണമാകാം. പക്ഷെ ഏതായാലും കടംവാങ്ങി ഇന്നത്തെ സ്ഥിതിയിലെത്തി. ഇനി എന്ത്? മോചനമെങ്ങനെ? ചോദ്യം ഭീകരമാവുകയാണ്. ഭയാനകവുമാണ്. സാമ്പത്തിക സ്ഥാപനങ്ങളിൽ ഇന്ന് ഈടാക്കുന്ന പലിശ അമി

[11.00 AM]

LIBRARY ARCHIVES Kerala Legislative Assembly

തമാണ്. 1979, 80, 81 കാലഘട്ടത്തിൽ കാർഷിക ഗ്രാമീണ ജനങ്ങൾക്ക് എ.ഡി. ബി.യിൽ നിന്നും വാങ്ങുന്നതിന് ഏഴര മുതൽ പത്തര ശതമാനം വരെയായിരുന്നു പലിശ. അതിപ്പോൾ 16 മുതൽ 18.85 വരെയായിട്ടുണ്ട്. ഈ പലിശ കൊടുക്കാൻ സാധ്യമല്ല. സ്ഥാപനങ്ങൾ നഷ്ടത്തിൽനിന്ന് ലാഭത്തിലേക്ക് കരകയറുന്നതിനുള്ള മാർഗ്ഗമായി സാമ്പത്തിക സ്ഥാപനങ്ങളെല്ലാം കണക്കാക്കുന്നത് പലിശവർദ്ധനവിനെയാണ്. ഇതൊരു ശരിയായ മാർഗ്ഗമല്ല. ലക്ഷോപലക്ഷം ജനങ്ങളെ ബാധിക്കുന്ന പ്രശ്നമാണ്. ശ്രീ. എ.എം. ഖുസ്റോ ചെയർമാനായി റിസർവ് ബാങ്ക് നിയോഗിച്ച കമ്മിറ്റി 1989-ൽ ഒരു റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇതിൽ കാർഷിക ഗ്രാമീണകടങ്ങൾക്ക് 5 ശതമാനത്തിൽ കൂടുതൽ പലിശ ഈടാക്കരുതെന്നും കുറഞ്ഞ പലിശ നിരക്കിൽ ബാങ്കിംഗ് സ്ഥാപനങ്ങൾ മുൻഗണനാ വിഭാഗത്തിന് വായ്പ ലഭ്യമാക്കണമെന്നും ഇവർക്കു നൽകുന്ന വായ്പയുടെ പലിശ കുറവ് സർക്കാർ നികത്തണമെന്നും ശുപാർശ ചെയ്തിട്ടുണ്ട്. ഇപ്പോൾ ഇത് നൽകുന്നില്ല. പലിശ നിരക്ക് വർദ്ധിച്ചിരിക്കുകയാണ്. ഇന്ന് സാമ്പത്തിക സ്ഥാപനങ്ങൾ കാർഷിക ഗ്രാമീണർ കൈപ്പറ്റുന്ന വായ്പയുടെ സ്ലാബ് അടിസ്ഥാനത്തിലാണ് ഇന്ന് പലിശനിരക്കുകൾ നിശ്ചയിക്കുന്നത്. ഇത് അശാസ്ത്രീയമാണ്. വികസീത രാജ്യങ്ങൾ കാർഷിക ഗ്രാമീണ മേഖലയ്ക്ക് നാമമാത്രമായ പലിശയാണ് ഈടാക്കുന്നത്. ഈ സ്ഥിതിയിൽ ഗ്രാമീണ കർഷകർ എങ്ങനെ കരകയറും. അതുകൊണ്ട് ഗ്രാമീണ സമ്പദ്‌വ്യവസ്ഥ തകർന്നിരിക്കുന്ന ഈ സ്ഥിതിയിൽ ഇവരെ രക്ഷിക്കണം. വായ്പ കൊടുക്കുന്നവർക്ക് തിരിച്ചു കിട്ടുമെന്നുള്ള വിശ്വാസമേയില്ല. അത് നഷ്ടപ്പെട്ടിരിക്കുന്നു. ഈ സാമ്പത്തിക തകർച്ച ഒരു വൻ പൊട്ടിത്തെറിയുടെ വക്കത്തേയ്ക്ക് നീങ്ങുകയാണ്. ഇത് അതീവ ഗൗരവമായി കാണണം. വരുമാനം കുറയുകയും കടവും പലിശയും വൻനിരക്കിൽ വർദ്ധിക്കുകയും ചെയ്തിരിക്കുന്നു. കാർഷിക ഗ്രാമീണർ എത്ര ശ്രമിച്ചാലും കടം വീട്ടാൻ സാധിക്കാത്ത അവസ്ഥയിലാണ്. കടം വീട്ടാൻ വീണ്ടും കടമെടുക്കുക, ഇതാണ് ഇന്നത്തെ സ്ഥിതി. ഇങ്ങനെ കടമെടുത്ത് കടമെടുത്ത് തിരിച്ചടയ്ക്കാൻ കഴിയാതെ കടം കിട്ടാത്ത സ്ഥിതിയിലെത്തിയിരിക്കുന്ന ഈ ദുഃസ്ഥിതിക്ക് ഗവൺമെന്റ് പ്രത്യേക പ്രാധാന്യം നൽകി ആശ്വാസ നടപടികൾ അടിയന്തിരമായും പ്രഖ്യാപിച്ച് നടപ്പിലാക്കണമെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പു മന്ത്രിയോടും മന്ത്രിസഭാംഗങ്ങളോടും വിനീതമായി അഭ്യർത്ഥിക്കുകയാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : അദ്ദേഹം ഈ വിഷയത്തെ സംബന്ധിച്ച് ഒരു വലിയ പ്രബന്ധം തന്നെ അവതരിപ്പിച്ചു. താൽപ്പര്യമുള്ള ഒരു പ്രശ്നംതന്നെയാണിത്. വെള്ളപ്പൊക്കം, വരൾച്ച, ധാന്യവിളകളുടെ പരാജയം എന്നിവ തുടർച്ചയായി ഉണ്ടാകുന്ന അവസരത്തിൽ കൃഷിക്കാർ കടബാദ്ധ്യതകൊണ്ട് നട്ടം തിരിയാറുണ്ട്. ശരിയായ മഴ ലഭിക്കാത്തതുമൂലം വിളവെടുപ്പ് വളരെ മോശമാകുന്ന സാഹചര്യം ഇൻഡ്യയിലൊട്ടാകെ തുടർച്ചയായി സംഭവിച്ചിട്ടുണ്ട്. 1970-നു മുൻപ് കാർഷികമേഖല ഇത്രത്തോളം നവീകരിക്കപ്പെടാതിരിക്കുകയും ജലസേചനസൗകര്യം ഇത്രത്തോളം ലഭ്യമല്ലാതിരിക്കുകയും ചെയ്തിരുന്ന കാലഘട്ടത്തിൽ കൃഷിയാവശ്യത്തിന് പൊതു സ്ഥാപനങ്ങളിൽനിന്നുള്ള വായ്പയുടെ ലഭ്യതയും പരിമിതമായിരുന്നു. അങ്ങനെ നട്ടം തിരിയുന്ന കൃഷിക്കാരെ സഹായിക്കാൻ 1970-ൽ കാർഷിക കടാശ്വാസ നിയമം സംസ്ഥാനഗവൺമെന്റ് കൊണ്ടുവന്നിരുന്നു. ആ നിയമമനുസരിച്ച് കൃഷിക്കാർ, കുടിയാന്മാർ, കുടികിടപ്പുകാർ എന്നിവരിൽ വാർഷികവരുമാനം 3,000 രൂപയിൽ താഴെയുള്ളവർക്ക് തങ്ങളുടെ കടം 17 അർദ്ധവാർഷിക തവണകളായി തിരിച്ചടയ്ക്കാൻ സൗകര്യം ചെയ്തുകൊണ്ട് വ്യവസ്ഥ ചെയ്തു. ഇതു സംബന്ധിച്ച തർക്കം കൈകാര്യം ചെയ്യുന്നതിന് സിവിൽ കോടതിക്ക് അന്ന്

LIBRARY ARCHIVES Kerala Legislative Assembly

അധികാരമുണ്ടായിരുന്നു. 1975-ൽ നിലവിൽ വന്ന Kerala Debtors Temporary Relief Act - 3,000 രൂപയിൽ കവിഞ്ഞ കടങ്ങൾ അടയ്ക്കുന്നതിന് ഒരു വർഷത്തെ മോറട്ടോറിയം പ്രഖ്യാപിച്ചുകൊണ്ടാണ് നടപ്പിലാക്കിയത്. ഇതൊന്നും കടം എഴുതിതള്ളാൻ ഉദ്ദേശിച്ചുകൊണ്ടായിരുന്നില്ല. എന്നാൽ 1977-ൽ നിലവിൽ വന്ന Kerala Debt Relief Act-18.1.1977 -ൽ നിലവിലുണ്ടായിരുന്ന എല്ലാ കടങ്ങളും എഴുതിത്തള്ളാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതായിരുന്നു. പക്ഷെ വാർഷിക വരുമാനവും കടവും 3,000 രൂപയിൽ താഴെയുണ്ടായിരുന്ന കൃഷിക്കാർക്കു മാത്രമാണ് ഇത് ബാധകമായിരുന്നത്. മേൽപ്പറഞ്ഞ നിയമങ്ങളൊന്നും കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ, ബാങ്കുകൾ, സഹകരണസ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, ബോർഡുകൾ ചിട്ടി കമ്പനികൾ തുടങ്ങിയവയിൽനിന്നുള്ള വായ്പകൾക്ക് ബാധകമായിരുന്നില്ല. അതുകൊണ്ട് വലിയ പ്രയോജനമില്ല എന്നർത്ഥം. ഫലത്തിൽ സ്വകാര്യ പണമിടപാടുകാരെ മാത്രം ബാധിക്കുന്നു എന്നതായിരുന്നു അതിന്റെ പ്രത്യേകത. 1990-ൽ കേന്ദ്ര ഗവൺമെന്റ് കർഷകരുടെ കാർഷികകടങ്ങൾ എഴുതിത്തള്ളാൻ ഒരു പദ്ധതി കൊണ്ടുവരികയും 2/10/1989-ൽ നിലവിലുണ്ടായിരുന്ന കാർഷികകടങ്ങളിൽ പരമാവധി പതിനായിരം രൂപ വരെ എഴുതിത്തള്ളാൻ വ്യവസ്ഥ ചെയ്യുകയും ചെയ്തു. ഈ ആനുകൂല്യം മനഃപൂർവമല്ലാത്ത വീഴ്ചക്കാരെ മാത്രം ഉദ്ദേശിച്ചുള്ളതായിരുന്നു. വാണിജ്യ ബാങ്ക്, ഗ്രാമീണ ബാങ്ക്, സഹകരണ സ്ഥാപനം എന്നിവയിൽനിന്നും എടുത്ത വായ്പകൾക്കു മാത്രമേ ഈ പദ്ധതി ബാധകമായിട്ടുള്ളൂ. എഴുതിത്തള്ളുന്ന തുകയുടെ നഷ്ടപരിഹാരം ഗവൺമെന്റ്, വായ്പാസ്ഥാപനങ്ങൾക്ക് നൽകേണ്ടതുണ്ട്. ഈ കേന്ദ്ര പദ്ധതി സ്വകാര്യപണമിടപാടുകാർക്ക് ബാധകമായിരുന്നില്ല. 1990-ൽ സംസ്ഥാനഗവൺമെന്റ് പണമിടപാടുകാർക്ക് ബാധകമായ ഒരു കടാശ്വാസനിയമം പ്രാബല്യത്തിൽ കൊണ്ടുവരാൻ ഉദ്ദേശിച്ചുകൊണ്ട് Kerala Agricultural Debt Relief Bill-ന് രൂപം നൽകി, മുൻകൂർ അനുവാദത്തിന് കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചു. ആ ബില്ലിലെ വ്യവസ്ഥകളെ സംബന്ധിച്ച് കേന്ദ്ര ധനകാര്യമന്ത്രാലയവും നിയമമന്ത്രാലയവും ചില വിശദാംശങ്ങൾ ആരാഞ്ഞശേഷം പ്രസ്തുത ബില്ലിൽ കാര്യമായ നടപടിയുണ്ടായിട്ടില്ല. സ്വകാര്യ പണമിടപാടുകാരെ ബില്ലിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കണമെന്നായിരുന്നു കേന്ദ്ര ഗവൺമെന്റിന്റെ പ്രധാനമായ നിർദ്ദേശം. ഈ ബില്ലിന്റെ പ്രസക്തിതന്നെ ഇത് ഇല്ലാതാക്കി. മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിലെ കാർഷിക കടങ്ങൾ മിക്കവാറും വായ്പാ സ്ഥാപനങ്ങളിൽ നിന്നുമെടുത്തിട്ടുള്ളതാണ്. ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. ഹുണ്ടികക്കാരിൽനിന്നും മറ്റും എടുത്തത് വളരെ കുറവാണ്. റിസർവ് ബാങ്കിന്റെ മുൻരേഖകൾ പ്രകാരം ഇത് ആകെ വായ്പയുടെ 70 ശതമാനത്തോളമാണ്. ഇത് സംബന്ധിച്ച പുതിയ കണക്കുകൾ ഒന്നും നമുക്ക് ലഭിച്ചിട്ടില്ല. ബാങ്കുകൾ സഹകരണസ്ഥാപനങ്ങൾ തുടങ്ങിയ വായ്പാസ്ഥാപനങ്ങളെ സംബന്ധിച്ച് ഇന്ന് കാർഷിക വായ്പ തിരിച്ചടയ്ക്കാനുള്ള വ്യവസ്ഥകൾ താരതമ്യേന കർക്കശവും കഠിനവുമാണെന്ന് പറയാവുന്നതല്ല. എന്നിട്ടും വീഴ്ച വരുത്തുന്നവർക്ക് വായ്പ തിരിച്ചടവു മേളകളിലൂടെയും മറ്റും പലിശ ഒഴിവാക്കിക്കൊടുക്കുന്ന നടപടികളിലൂടെ ചില അനുകൂല്യങ്ങളോടെ തിരിച്ചടയ്ക്കുന്നതിനുള്ള അവസരങ്ങൾ ഇപ്പോൾത്തന്നെ നൽകിക്കൊണ്ടിരിക്കുകയാണ്. ഇതൊക്കെയാണെങ്കിലും വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ വരുന്ന വിഭാഗങ്ങൾ ഇപ്പോഴുമുണ്ട്. ഇവർ എത്രത്തോളം ഉണ്ടെന്ന് വ്യക്തമായ കണക്ക് നമ്മുടെ സംസ്ഥാനഗവൺമെന്റിന്റെ കൈയിലില്ല. റിസർവ് ബാങ്കിന്റെയോ മറ്റ് ബന്ധപ്പെട്ട സ്ഥാപനങ്ങളുടെയോ കണക്ക് ലഭിക്കുന്ന മുറയ്ക്ക് ആ ഗൗരവാവസ്ഥ സംസ്ഥാനത്ത് കണ്ടാൽ ഇപ്രകാരം ഒരു പദ്ധതിയെപ്പറ്റി തീർച്ചയായും ഗവൺമെന്റ് ആലോചിക്കും. യാതൊരു സംശയവുമില്ല. അങ്ങനെ ഒരു ബില്ലിന് രൂപം കൊടുക്കുമ്പോൾ അതിന് കേന്ദ്ര ഗവൺമെന്റിന്റെ മുൻകൂർ അനുവാദം വാങ്ങണം. തുക എഴുതി

LIBRARY ARCHIVES Kerala Legislative Assembly

ത്തള്ളുകയല്ലാതെ ഇപ്പോൾ ലഭ്യമായിട്ടുള്ള തവണസൗകര്യങ്ങൾ വീണ്ടും അനുവദിക്കുന്നതിനു മാത്രമായിട്ടുള്ള ഒരു ബില്ല് പ്രത്യേകിച്ച് പ്രയോജനം ചെയ്യുമെന്ന് തോന്നുന്നില്ല. അത് ഇപ്പോൾത്തന്നെ നമ്മൾ നൽകിക്കൊണ്ടിരിക്കുന്നതാണ്. കാർഷിക കടങ്ങൾക്കൊക്കെ ധാരാളം സന്ദർഭങ്ങളിൽ കൃഷിക്കാർക്ക് തവണസൗകര്യങ്ങൾ അനുവദിക്കാറുണ്ട്. പ്രത്യേക പ്രദേശങ്ങളിൽ മോറട്ടോറിയം പ്രഖ്യാപിക്കുന്നതുപോലെ തന്നെ സമയം നീട്ടിക്കൊടുത്ത് എല്ലാവർക്കും ബാധകമാകുന്ന നടപടികൾ സ്വീകരിക്കാറുണ്ട്. തുക എഴുതിത്തള്ളുക, പലിശയിൽ ഇളവനുവദിക്കുക തുടങ്ങിയ കാര്യങ്ങൾക്ക് ധനകാര്യ സ്ഥാപനങ്ങളെ നിർബന്ധിക്കുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന നിയമമാണെങ്കിൽ അതിന് നഷ്ടപരിഹാരം നൽകുന്നതിനാവശ്യമായ ഫണ്ട് നമ്മൾ കണ്ടെത്തേണ്ടിവരും. ഒരു നിയമം കൊണ്ടുവരുന്ന സന്ദർഭത്തിൽ ഈ കാര്യങ്ങൾ പരിഗണിക്കേണ്ടി വരും. ഇത്തരം ഒരു സാഹചര്യത്തിൽ ഇപ്രകാരം ഒരു നിയമനിർമ്മാണത്തിന്റെ അടിയന്തിരമായ ആവശ്യകത സംസ്ഥാനത്തിൽ ഇല്ലെന്നാണ് ഗവൺമെന്റ് കരുതുന്നത്. ഓരോ പ്രദേശങ്ങളുടെയും സാഹചര്യം പ്രത്യേകരീതിയിലാണ്. സംസ്ഥാനത്തൊട്ടാകെ ഇപ്പോൾ ഇത്തരം ഒരു സാഹചര്യം ഉണ്ടെന്ന് കരുതുന്നില്ല. എന്നാലും അത്തരം ഒരു സാഹചര്യമുണ്ടെന്ന് ബോധ്യമാവുകയും അത്തരം ഒരു സാഹചര്യം സംജാതമാവുകയും ചെയ്യുകയാണെങ്കിൽ അത് ഗവൺമെന്റ് പരിശോധിക്കും. ഗവൺമെന്റ് കടാശ്വാസനടപടികൾ സ്വീകരിക്കും. തീർച്ചയായും അത്തരം ഒരു സന്ദർഭത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. കെ.എ. ചന്ദ്രൻ</u> : ഇത് വളരെ ഗൗരവമായ ആവശ്യമാണ് എന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഇതിന്റെ സ്റ്റാറ്റിസ്റ്റിക്സ് നോക്കിയാൽ തന്നെ 31.3.1998-ന് അവസാനിച്ച സാമ്പത്തിക വർഷത്തിൽ സഹകരണ സ്ഥാപനങ്ങൾ നൽകിയ വായ്പയിൽ 1,049 കോടി രൂപ കുടിശ്ശിക ഇനത്തിൽ ഉണ്ട്. ഇത് അങ്ങേയ്ക്ക് അറിയാം. എന്നാൽ ഈ കുടിശ്ശിക പോലും ബുക്ക് അഡ്ജസ്റ്റ്മെന്റ് നടത്തിയതിനുശേഷം വരുന്നതാണ്. അതുകൊണ്ട് ഇന്ന് കാർഷിക ഗ്രാമീണർ വായ്പ വാങ്ങിയത് സംബന്ധിച്ചുള്ള നിജസ്ഥിതി അറിയുവാൻ നിയമസഭയുടെ കമ്മിറ്റിയോ അല്ലെങ്കിൽ ഏറ്റവും കുറഞ്ഞത് ഒരു കമ്മിഷനെയോ നിയോഗിച്ച് ആശ്വാസ നടപടികളുടെ നിർദ്ദേശം വാങ്ങുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. കെ.ഇ. ഇസ്മയിൽ</u> : ഈ വസ്തുതകൾ ഗൗരവമായി പരിശോധിച്ച്, എത്ര തുക ഉണ്ടെന്ന് നിജപ്പെടുത്താൻ ബഹുമാനപ്പെട്ട മെമ്പർ നിർദ്ദേശിച്ചത് ഞങ്ങൾ പരിശോധിച്ചിട്ട് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

# IV. സബ്മിഷൻ

## (1) പുതുപ്പള്ളി നിയോജകമണ്ഡലത്തിലെ മീനടം പ്രിയദർശിനി സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം

*(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)*

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : സർ, പ്രിയദർശിനി സ്പിന്നിംഗ് മിൽ എന്റെ നിയോജമണ്ഡലത്തിലെ മീനടത്തിലാണ് പ്രവർത്തിക്കുന്നത്. 805 ലക്ഷം രൂപയുടെ പ്രോജക്ട് കോസ്റ്റാണ് അതിന് കണക്കാക്കിയിരിക്കുന്നത്. അതിന് ആവശ്യമായ പത്തരഏക്കർ സ്ഥലം വാങ്ങി കെട്ടിടം പണി പൂർത്തിയായി. മെഷിനറി 60 ശതമാനം വാങ്ങിക്കഴിഞ്ഞു. ബാക്കി മെഷിനറി പണം കൊടുത്താൽ അപ്പോൾതന്നെ വാങ്ങിക്കത്തക്കരീതിയിൽ തയ്യാറായിരിക്കുകയാണ്. മെഷിനറി വാങ്ങിയിട്ട് രണ്ടരവർഷം കഴിഞ്ഞിരിക്കുന്നു. പക്ഷേ ടേം ലോൺ 4

281/2010.

LIBRARY ARCHIVES Kerala Legislative Assembly